DESPATCHED
On.26/2/2020
1/1/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP. 220*(2)/2019*/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **1891** /എസ്.ഐ.സി-ജി 6/19)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ.എ.വി.സത്യദാസ്,<br>സത്യവിലാസം, പള്ളിയ്ക്കൽ പറമ്പ്,<br>ഇടവാൽ, ഒറ്റശ്ശേഖരമംഗലം പി.ഒ.,<br>തിരുവനന്തപുരം – 695 125. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, (കേന്ദ്രസ്ഥാനം)& അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം, ഇൻഫർമേഷൻ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം.<br><br>2. അപ്പീൽ അധികാരി&മാനേജർ (കസ്റ്റമർ റിലേഷൻസ്), ട്രാൻസ്പോർട്ട് ഭവൻ, ഫോർട്ട്, തിരുവനന്തപുരം – 695 004. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.11.2018 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 22.11.2018 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 04.01.2018 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 28.01.2019 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 04.02.2019 |
| **കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി** | **06.02.2019** |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 20.09.2019 കമ്മീഷൻ ആസ്ഥാനം, തിരുവനന്തപുരം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എ.വി.സത്യദാസ്, 04.02.2019ന് സമർപ്പിച്ച അപ്പീൽ ഹർജി 06.02.2019ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.220(2)/19/SIC** ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് അവ്യക്തവും തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങളാണ് നൽകിയതെന്നും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും പൂർണ്ണമായ വിവരങ്ങൾ ലഭിച്ചില്ലെന്നും ആകയാൽ ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുമാണ്.

3. അപ്പീൽ ഹർജിക്കാരൻ 03.11.2018ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, 12.10.2018ന് ടിയാൻ ഗതാഗത സെക്രട്ടറി മുമ്പാകെ നൽകിയ പരാതി ഒന്നാം എതിർകക്ഷി ഓഫീസിൽ 24.10.2018ന് No.TRANS – TRANS – A3/315/2015 Trans ആയി അയച്ചിട്ടുള്ള ടി പരാതി അന്വേഷിച്ച ഉദ്യോഗസ്ഥന്റെ പേര്, പദവി (കെ.എസ്.ആർ.ടി.സി.യിലെ), ടി പരാതിയുടെയും അന്വേഷണ റിപ്പോർട്ടിന്റെയും പകർപ്പുകൾ നൽകണമെന്നും ആയതു പ്രകാരം ടി ഓഫീസിൽ സ്വീകരിച്ച നടപടിയുടെയും പകർപ്പുകൾ നൽകണമെന്നുമാണ്. ആയതിന് 22.11.2018ന് നൽകിയ മറുപടിയിൽ ടി പരാതി SSQ3 തിരുവനന്തപുരം സെൻട്രൽ സ്ക്വാഡ് യൂണിറ്റിന് അന്വേഷണത്തിനായി അയച്ചു കൊടുത്തിട്ടുള്ളതാണെന്നും അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല എന്നും ആയതു സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെന്നുമാണ്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 28.01.2019ന് നൽകിയ മറുപടിയിൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് നൽകിയ മറുപടി കളവും തെറ്റിദ്ധരിപ്പിക്കുന്നതുമാണെന്ന് അക്ഷേപമുന്നയിച്ച് സമർപ്പിച്ച ഒന്നാം അപ്പീലിന്മേൽ രേഖകൾ പരിശോധിച്ചതിൽ നിന്നും നിശ്ചിത സമയപരിധിയ്ക്കുള്ളിൽത്തന്നെ

പബ്ളിക് ഇൻഫർമേഷൻ ഓഫീസർ മറുപടി നൽകിയിട്ടുണ്ടെന്നും മുഖ്യ കാര്യാലയത്തിലെ വിജിലൻസ് ഓഫീസർ (അന്വേഷണം) കൈമാറിയിരുന്ന വിവരം എസ്.പി.ഐ.ഒ.(കേന്ദ്രസ്ഥാനം) ഹർജിക്കാരന് അയച്ചുകൊടുത്ത തായി ബോദ്ധ്യപ്പെട്ടുവെന്നുമാണ്. കൂടാതെ വിജിലൻസ് ഓഫീസർ (അന്വേഷണം) നൽകിയിരുന്ന വിശദീകരണത്തിൽ അന്വേഷണം നടത്തിയ തനുസരിച്ച് റിപ്പോർട്ടും മറ്റ് അനുബന്ധരേഖകളും 10.01.2019ൽ എക്സിക്യൂ ട്ടീവ് ഡയറക്ടർക്ക് (വിജിലൻസ്) സമർപ്പിച്ചിട്ടുള്ളതാണെന്നും ഹർജിക്കാ രൻ ആവശ്യപ്പെട്ട അന്തിമ റിപ്പോർട്ട് പ്രകാരം അച്ചടക്ക നടപടിയുടെ ഭാഗ മായുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നതിനാലും കുറ്റപത്രം തയ്യാറാക്കി യിട്ടില്ലാത്തതിനാലും നിലവിൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുവാൻ നിർവ്വാഹമില്ലെന്ന് എസ്.പി.ഐ.ഒ. ആയ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വിജിലൻസ് വിഭാഗവും വ്യക്തമാക്കിയെങ്കിലും ഹർജിക്കാരന്റെ അപ്പീൽ പരിഗണിച്ച് ടി പരാതി അന്വേഷിച്ച ഉദ്യോഗസ്ഥന്റെ പേരും പദവിയും ലഭ്യമാക്കിയെന്നുമാണ്.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും 17.09.2019ലെ റിപ്പോർട്ടും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ഹർജിക്കാ രന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയിട്ടില്ലെന്നു ഹർജി ക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ഹർജിക്കാരൻ സമർപ്പിച്ച അപേക്ഷയിൽ ആവശ്യ പ്പെട്ട ടിയാന്റെ പരാതി അന്വേഷിച്ച ഉദ്യോഗസ്ഥന്റെ പേരും പദവിയും സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടുണ്ടെന്നും ടിയാന്റെ ആരോപണങ്ങ ളൊന്നും വിവരാവകാശ നിയമപ്രകാരം പരിഹരിക്കാൻ കഴിയുന്നവയ ല്ലെന്നും ടിയാൻ ആവശ്യപ്പെട്ട പരാതിയിന്മേലുള്ള അന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കി വരുന്നതേയുള്ളുവെന്നും അച്ചടക്ക നടപടി യുടെ ഭാഗമായുള്ള അന്വേഷണ നടപടി ക്രമങ്ങൾ നടന്നു വരുന്നതിനാൽ നൽകുവാൻ നിർവ്വാഹമില്ലായിരുന്നുവെന്നുമാണ്. കൂടാതെ ടിയാന്റെ കമ്മീഷനിൽ സമർപ്പിച്ച രണ്ടാം അപ്പീലിന്മേൽ സൂചിപ്പിച്ചിരുന്ന പരാതി യിന്മേലുള്ള അന്വേഷണ റിപ്പോർട്ടിന്റെയും മൊഴികളുടെയും സിവിൽ സർവ്വീസ് (തരംതിരിവും, നിയന്ത്രണവും, അപ്പീലും)ചട്ടങ്ങളിലെ ചട്ടം 16

പ്രകാരം കുറ്റപത്രം നൽകിയതിന്റേയും വിവരങ്ങൾ വിജിലൻസ് വിഭാഗം എസ്.പി.ഐ.ഒ.യിൽ നിന്നും തേടിയതനുസരിച്ച് ആയത് സംബന്ധിച്ചുള്ള പകർപ്പുകൾ ഉൾക്കൊള്ളിക്കുവെന്നും കുറ്റപത്രത്തിന്റെ മറുപടി ലഭിക്കാത്ത തിനാൽ ടി ഫയലിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല എന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ മൊഴിയുടെയും റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജിയിൽ മേൽ നടപടി ആവശ്യമില്ലെന്നു വിലയിരുത്തി ഇന്നേദിവസം 2020 ജനുവരി 01-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)

Ge/